പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2981 07/12/2018-ൽ മറുപടിയ്ക്ക്

**സ്വകാര്യ ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് ജീവനക്കാർക്കായി ക്ഷേമനിധി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ.രാമചന്ദ്രൻ: | ശ്രീ. ടി.പി. രാമകൃഷ്ണൻ (തൊഴിലുംഎക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സ്വകാര്യ ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് ജീവനക്കാർക്കായി പ്രത്യേകം ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ടോ; ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി മോട്ടോർ വാഹന ക്ഷേമനിധി പദ്ധതിയിൽ ലയിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. 24/03/2018 തീയതിയിൽ ചേർന്ന ബോർഡിന്റെ 47-ാമത് യോഗത്തിൽ 2004-ലെ കേരളാ ആട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതി, 2005-ലെ പരിഷ്കരിച്ച കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ ലയിപ്പിക്കുന്നതിന് തീരുമാനിക്കുകയും ആയത് സംബന്ധിച്ച് ബോർഡ് സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ച് വരികയുമാണ്. ലയനം പൂർത്തിയാകുന്ന മുറയ്ക്ക് ടി പദ്ധതി പ്രകാരം അംഗങ്ങളായ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ കൂടുതൽ ആകർഷകമാക്കാൻ കഴിയുന്നതാണ്. ഇതിനൊപ്പം അവർക്ക് പെൻഷൻ ആനുകൂല്യവും ലഭ്യമാക്കുവാൻ സാധിക്കുന്നതാണ്. |
| (ബി) പുതിയ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ നിശ്ചിത ശതമാനം സെസ് ഈടാക്കിയും അംശദായം വർദ്ധിപ്പിച്ചും തൊഴിലാളികൾക്കുള്ള ആനുകൂല്യം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) തൊഴിലാളികൾക്കുള്ള ആനുകൂല്യം വർദ്ധിപ്പിക്കുന്നതിനായി പുതിയതായി സെസ്സ് ഏർപ്പെടുത്തുന്നതും അംശാദായം വർദ്ധിപ്പിക്കുന്നതും ഇപ്പോൾ പരിഗണനയിലില്ല. |

| | |
|---|---|
| (സി) മോട്ടോർ വർക്ക്ഷോപ്പ് തൊഴിലാളികളുടെ മക്കൾക്ക് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംവരണം ഏർപ്പെടുത്തുന്നതിന് തൊഴിൽ വകുപ്പ് മുൻകൈ എടുത്ത് നടപടി സ്വീകരിക്കുമോ: വിശദീകരിക്കുമോ? | ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ